ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കല്ലട പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിൽ ജലസേചന സൗകര്യത്തിന് പുറമേ കൊല്ലം ജില്ലയ്ക്കാവശ്യമായ വിദ്യുച്ഛക്തികൂടി ഉൽപ്പാദിപ്പിക്കുവാൻ നിർദ്ദേശമുണ്ടായിരുന്നു. ആ നിർദ്ദേശം ഇപ്പോഴ് ഏത് നിലയിലാണ്, വലിയ മുടക്കുമുതൽ ഇല്ലാതെ ഏതാനും മെഗാവാട്ട് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുവാനുള്ള ആ നടപടി പൂർത്തീകരിക്കുവാൻ ശ്രമിക്കുമോ?

ശ്രീ എം. കെ. രാഘവൻ: പരിശോധിച്ച് പറയാം.

കല്ലട, ചിമ്മിണി ജലസേചന പദ്ധതി

*345 [363] ഡോക്ടർ കെ. ജി. അടിയോടി:
ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:
ശ്രീ. വി. ഈച്ചരൻ:
ശ്രീ. എം. വി. രാജൻ:
ശ്രീ. ഇ. നാരായണൻ നായർ:
ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട, ചിമ്മിണി ജലസേചന പദ്ധതികളുടെ പണികൾ നടത്തുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്;

(ബി) ഇതുവരെ എന്തു തുക ചെലവഴിച്ചു എന്നും എത്രത്തോളം പണികൾ പൂർത്തിയായി എന്നും വിശദമാക്കാമോ?

തൊഴിലും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി (ശ്രീ. എം. കെ. രാഘവൻ: (എ) കല്ലട പദ്ധതിയുടെ നടത്തിപ്പിൽ ഇപ്പോൾ കാലതാമസമൊന്നുമില്ല. പക്ഷേ, തൊഴിലാളികളുടെ സമരം മൂലം ചിമ്മിണി പദ്ധതിയുടെ നടത്തിപ്പിൽ ചെറിയ തോതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

(ബി) കല്ലട പദ്ധതിക്ക് 1979 ജനുവരി 31-ാം തീയതിവരെ 2,250 ലക്ഷം ഉറുപ്പിക ചെലവഴിച്ചു.

ശ്രീ. എം. വി. രാജൻ: ഈ പദ്ധതി നടന്നുകൊണ്ടിരിക്കുന്ന പ്രദേശത്ത് റോഡ് മുറിക്കുന്ന സ്ഥലത്ത് മുൻ തീരുമാനം ഇല്ലായെന്നുള്ള കാരണത്താൽ പണി നടക്കുന്നില്ല. അതുകൊണ്ട് ബുദ്ധിമുട്ടുണ്ട്. ആ ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ആ പ്രദേശത്തുനിന്നും എന്തെങ്കിലും നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: നിവേദനത്തിൻറെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടില്ല. നിവേദനം, എത്ര കണ്ട് ശരിയാണെന്നും മറും പരിശോധിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: ചിമ്മിണി ജലസേചന പദ്ധതിയുടെ ആവശ്യത്തിനു വേണ്ടി കൊണ്ടുവന്ന സിമൻറ് മുഴുവൻ കരിഞ്ചന്തയിൽ പോയി എന്നുള്ളതിനെക്കുറിച്ച് ഗവൺമെൻറിന് എന്തെങ്കിലും ആക്ഷേപം ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: അങ്ങനെ ഒരു ആക്ഷേപം കിട്ടിയതായി ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ശ്രീ. എം. വി. രാഘവൻ: കാലതാമസം ഇല്ലായെന്നു പറഞ്ഞു. കല്ലട ഡാമിൽ കനാൽപണിയിൽ ഏർപ്പെട്ടിരുന്ന വർക്കേഴ്സിനെ മാറ്റി അവർക്ക് തൊഴിൽ കൊടുക്കാതെ തമിഴ് നാട്ടിൽനിന്നും വർക്കേഴ്സിനെ കൊണ്ടുവന്നതുകൊണ്ട് കാലതാമസം ഉണ്ടായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി എടുക്കുമോ?

ശ്രീ. എം. കെ. രാഘവൻ: ചിമ്മിണി പദ്ധതിക്കു കാലതാമസം ഉണ്ടെന്നാണ് പറഞ്ഞത്. കല്ലട പദ്ധതിക്ക് കാര്യമായ കാലതാമസം ഉണ്ടായിട്ടില്ല. കല്ലട പദ്ധതിയുടെ ആദ്യഘട്ടം 1963-ൽ ആരംഭിച്ചതാണ്. ജലസേചന പദ്ധതിയുടെ പണി വേഗത്തിൽ നടക്കുന്നത് 1975-76-ലാണ്. അതിനുശേഷം കാര്യമായ തടസ്സം ഉണ്ടായിട്ടില്ല. ചില്ലറ തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്.

ശ്രീ. കല്ലട നാരായണൻ: കല്ലട പദ്ധതിയുടെ വലതു കനാലിന്റെ ഇടക്കാട് ഐവർക്കാലിന്റെ പ്രവർത്തനം മന്ദഗതിയിലാണ് നടക്കുന്നത്. അതിന്റെ കാരണമെന്താണ്, അതിന്റെ കുഴപ്പം പരിഹരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അതിന്റെ പ്രവർത്തനം മന്ദഗതിയിലാണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അത് വേഗത്തിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കല്ലട ജലസേചന പദ്ധതിയുടെ വലതു കനാലിന്റെ പണി അടിയന്തിരാവസ്ഥക്കാലത്ത് ഒരു ശ്രമദാന മായി നടത്തി. അതിനെക്കുറിച്ച് പല ചോദ്യങ്ങളും വന്നിട്ടുണ്ട്. ശ്രമദാനംകൊണ്ട് വെട്ടിത്തീർത്ത തോടിനുവേണ്ടി ഗവൺമെന്റ് എന്തു തുക ചെലവഴിച്ചു, ഗവൺമെന്റ് ടെണ്ടർ കൊടുത്ത് ചെയ്തിരുന്നു വെങ്കിൽ അതിനുവേണ്ടി എന്തു തുക ചെലവാകുമായിരുന്നു എന്നു കണക്ക് കൂട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ കണക്ക് ഈ സഭയിൽ അവതരിപ്പിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എം. കെ. രാഘവൻ: ഇതിനു പ്രത്യേക ചോദ്യം വേണം.

ശ്രീ പി. ആർ. ഫ്രാൻസിസ്: ചിമ്മിണി-മുപ്പി പദ്ധതിയിൽ നിന്നും പകുതി അടർത്തിയെടുത്ത മുപ്പി പദ്ധതിയുടെ പണി എന്നേയ്ക്ക് ആരംഭിക്കുമെന്ന് പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എം. കെ. രാഘവൻ: മുപ്പിയെ സംബന്ധിച്ചുള്ള വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: മറ്റു പദ്ധതികൾക്ക് മാതൃക യാക്കുവാൻ വേണ്ടിയായിരുന്നില്ലേ കല്ലട യജ്ഞം തുടങ്ങിയത്. ആ യജ്ഞം പിന്നീട് ഉപേക്ഷിച്ചതിന്റെ കാരണം എന്താണ്?

ശ്രീ. എം. കെ. രാഘവൻ: അതുപേക്ഷിച്ചുവെന്ന് ഞാൻ പറഞ്ഞില്ല. ഇപ്പോൾ ഇല്ലായെന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: കല്പട യജ്ഞം ഒരു മഹത്തായ യജ്ഞം ആയിരുന്നുവെന്നാണ് ഞങ്ങൾ അടിയന്തിരാവസ്ഥക്കാലത്ത് പത്രങ്ങളിലൂടെ വായിച്ചത്. ആ യജ്ഞത്തിന്റെ പേരിൽ ഭരണകക്ഷിയിലെ രാഷ്ട്രീയ പാർട്ടികൾ എത്ര ഫണ്ട് പിരിച്ചു എന്നുള്ളതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: അതിന് പ്രത്യേക ചോദ്യം വേണം.

ഫോറസ്റ്റ് റെയിഞ്ചാഫീസർമാർ

*346 [364] ശ്രീ. ജി. പി. മംഗലത്തുമഠം:

ശ്രീ. പി. ബാലൻ:

ശ്രീ. പി. എം. അബൂബക്കർ:

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ റെയിഞ്ചാഫീസർമാരായി നിയമിക്കപ്പെടുന്നതിനുവേണ്ടി നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്നവർ സർവ്വീസിൽ ഫുൾ മെമ്പർമാരായി തീരുന്നതെപ്പോഴാണ്;

(ബി) ഫോറസ്ട്രി കോളേജിലെ പരിശീലനത്തിനുശേഷം ഇവർക്ക് ഒരു വർഷത്തെ പ്രാക്റ്റിക്കൽ ട്രെയിനിംഗും മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ പ്രൊബേഷനും വേണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(സി) പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലം പ്രൊബേഷനായി കണക്കാക്കാത്തതെന്തുകൊണ്ടാണ്;

(ഡി) ഇവരോടൊപ്പം ഫോറസ്ട്രി കോളേജിൽ പഠിച്ച് പാസ്സാകുന്ന തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലുള്ളവർക്ക് അവരവരുടെ സംസ്ഥാനങ്ങളിൽ പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലംകൂടി പ്രൊബേഷനായി കണക്കാക്കാറുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും ഉള്ളതുപോലെ ഫോറസ്ട്രി കോളേജിൽ പഠിച്ച് പാസ്സായതിനുശേഷം റെയിഞ്ചാഫീസർമാരായി നിയമിക്കപ്പെടുന്നവരുടെ കാര്യത്തിൽ പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലംകൂടി പ്രൊബേഷൻ കണക്കാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): (എ) അവരുടെ പ്രൊബേഷൻ കാലയളവ് തൃപ്തികരമായ രീതിയിൽ പൂർത്തീകരിക്കുമ്പോൾ.

(ബി) ഉണ്ട്.

(സി) കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ 9 (എഫ്) അനുസരിച്ച് പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലം പ്രൊബേഷനായി കണക്കാക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly